**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 408** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ.കളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി യു പ്രതിഭ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ടി.ഐ.കളുടെ ആധുനികവൽക്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | (എ) ഐ.ടി.ഐകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് നൂതന സാങ്കേതിക വിദ്യകൾ വഴിയുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി തൊഴിലന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിനായി പുതിയ കോഴ്സുകൾ ഡി.ജി.റ്റി പരിചയപ്പെടുത്തിയിട്ടുണ്ട്. Artificial Intelligence and Programming Assistant, Additive Manufacturing, Industrial Robotic and Digital Manufacturing, Marine Fitter, Multimedia Animation and Special Effect, Mechanic Electric Vehicle, Solar Technician, എന്നീ എൻ.സി.വി.ടി സിടി.എസ് കോഴ്സുകൾ പുതുതായി ആരംഭിച്ച സർക്കാർ ഐ.ടി.ഐകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഹ്രസ്വകാല നൂതന നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. .ഈ പദ്ധതി പ്രകാരം നിലവിൽPM solar Surya Khar-ന്റ ഹ്രസ്വകാല കോഴ്സായ സോളാർ പി വി ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ 9 ഐ.ടി.ഐകളിൽ നടത്തി വരുന്നു. 36ഐ.ടി.ഐകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. നിലവിലുള്ള 78 ട്രേഡിലുള്ള പരിശീലനം കൂടാതെ ADD-ON കോഴ്സുകളിലെ പരിശീലനം ഏതാനും ഐ.ടി.ഐകളിൽ നടന്നു വരുന്നു. ഐ.ടി.ഐകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഐ.ടി.ഐ ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ, ചാക്ക, കോഴിക്കോട് |

| | | | |
|---|---|---|---|
| | | | എന്നീ 12 സ്ഥാപനങ്ങളെ ഇന്റർനാഷണൽ തലത്തിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നു. |
| (ബി) | ഐ.ടി.ഐ. 4.0 പദ്ധതി വഴി പരിശീലനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | **(ബി)** ഐ.ടി.ഐ. 4.O എന്ന പദ്ധതി വ്യാവസായിക പരിശീലന വകുപ്പിൽ നിലവിലില്ല. എന്നാൽ ഇൻഡസ്ട്രി 4.O എന്ന പദ്ധതി പ്രകാരം ആവശ്യമായിവരുന്ന കാലാനുസൃതമായ കോഴ്സുകളായ Internet of Things, Artificial Intelligence and Programming Assistant , Additive Manufacturing Technician, Industrial Robotics and Digital Manufacturing, Marine Fitter, Multimedia animation and Special Effect, Mechanic Electric Vehicle, Solar Technician തുടങ്ങിയ നൈപുണ്യ മേഖലകളിൽ ഐ.ടി.ഐകളിൽ പരിശീലനം നടത്തി വരുന്ന ട്രെയിനികളെ അപ് സ്കിൽ ചെയ്യുന്നതിനുള്ള ഷോർട്ട് ടേം കോഴ്സുകൾ ഐ.ടി.ഐകളിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഇൻഡസ്ട്രി 4.O പദ്ധതി അനുസരിച്ചുള്ള വിദഗ്ധ പരിശീലനം ലഭ്യമാകുന്നതിന് വേണ്ടി വിവിധ ഇൻഡസ്ട്രികളുമായി ചേർന്ന് ഐ.ടി.ഐകളിൽ ഐ.എം.സി രൂപീകരിച്ചിട്ടുള്ളതും ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പരിശീലനം നൽകി വരികയും ഇൻഡസ്ട്രി 4.O പദ്ധതി പ്രകാരം ഡി.ജി.റ്റി സിലബസ് പരിഷ്കരിച്ചിട്ടുള്ളതും ആയത് അനുസരിച്ചുള്ള അത്യാധുനിക ഉപകരണങ്ങളും മെഷിനറികളും ഐ.ടിഐകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | വ്യവസായ മേഖലയുമായി സഹകരിച്ച് ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | (സി) | **(സി)** വ്യവസായ മേഖലയുമായി സഹകരിച്ച് ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് ജോബ് ഫെയർ, ഓൺ ജോബ് ട്രെയിനിംഗ് (OJT), ഇൻഡസ്ട്രിയൽ വിസിറ്റ്, അപ്രന്റീസ്ഷിപ്പ് തുടങ്ങിയ സേവനങ്ങൾ വ്യാവസായിക പരിശീലന വകുപ്പ് മുഖേന നൽകി വരുന്നു.<br><br>കൂടാതെ, വ്യവസായ ആവശ്യത്തിനായി സ്ഥല ലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ക്യാമ്പസ് |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി വ്യവസായ വകുപ്പിന്റെ കീഴിൽ നിലവിൽ വന്നിട്ടുണ്ട്. |
| (ഡി) | ഹൈടെക് ലാബുകളും സ്മാർട്ട് ക്ലാസ് റൂമുകളും ഐ.ടി.ഐ. വിദ്യാഭ്യാസത്തിൽ എന്തുവിധത്തിലുള്ള മാറ്റങ്ങളാണ് വരുത്തുന്നത്; വിശദമാക്കാമോ; | (ഡി) | **(ഡി)** വിവിധ വ്യവസായ ശാലകളിൽ നിന്നും അവിടുത്തെ വിദഗ്ദ്ധർ നടത്തുന്ന ഓൺലൈൻ നൈപുണ്യ പ്രദർശനങ്ങൾ സ്വന്തം ഐ.ടി.ഐ കളിൽ ഇരുന്നുതന്നെ വീക്ഷിക്കുന്നതിനുള്ള അവസരം സ്മാർട്ട് ക്ലാസ്സ് റൂമുകൾ നൽകുന്നുണ്ട്. ഐ.ടി.ഐ യിൽ പരിശീലനം നേടുന്ന പരിശീലനാർത്ഥികൾക്ക് അവർ പരിശീലനം നേടുന്ന ട്രേഡ് സംബന്ധമായ സൂക്ഷ്മാവബോധം സൃഷ്ടിക്കാനുതകുന്ന AR, VR, XR സാങ്കേതിക വിദ്യകളും വിവിധ സിമുലേറ്ററുകളും ഉൾപ്പെടെ സജ്ജമാക്കിയിട്ടുള്ള ഹൈടെക്ക് ലാബുകൾ വഴി, നൈപുണ്യ പരിശീലനത്തിലും അതിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും സാധ്യമാകുന്നു. ഐ.ടി.ഐ കളിൽ നടക്കുന്ന CTS പരിശീലന സിലബസിൽ ഉൾപ്പെട്ടിട്ടുള്ള എംപ്ലോയബിലിറ്റി സ്കിൽ എന്ന സുപ്രധാന വിഷയം വളരെ ലളിതമായും പ്രയോഗികമായും പഠിപ്പിക്കുന്നതിന് സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർണായക പങ്ക് വഹിക്കുന്നു. കൂടാതെ സ്വയം സംരംഭകരാകാൻ ആഗ്രഹിക്കുന്ന പരിശീലനാർത്ഥികൾക്ക് അവർ വിഭാവനം ചെയ്യുന്ന ഉൽപ്പന്നത്തിന്റെ സൂക്ഷ്മ മാതൃക നിർമ്മിക്കുന്നതിനും ഹൈ ടെക്ക് ലാബുകൾ സഹായകകരമാകുന്നുണ്ട്. |
| (ഇ) | സ്കിൽ ഇന്ത്യാമിഷൻ പോലുള്ള പദ്ധതികൾ വിദ്യാർത്ഥികൾക്ക് എങ്ങനെയാണ് ഗുണകരമാവുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ഇ) | **(ഇ)** ഉണ്ട്. സ്കിൽ ഇന്ത്യാ മിഷൻ പദ്ധതി പ്രകാരം വകുപ്പിന്റ കീഴിലുള്ള ഐ.ടി.ഐകളിൽ നിന്ന് വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഭൂരിഭാഗം ട്രെയിനികൾക്കും നാഷണൽ അപ്രന്റീസ് ഷിപ്പ് പ്രൊമോഷണൽ സ്കീമിലൂടെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് ലഭ്യമാകുന്നതിനുളള നടപടികൾ ആർ.ഐ സെന്ററുകൾ വഴി നടപ്പിലാക്കിയതിന്റെ ഫലമായി ട്രെയിനികൾക്ക് വിവിധ ഇൻഡസ്ട്രികളിൽ ഒരു വർഷ/ രണ്ട് വർഷ ദൈർഘ്യമുളള ഇൻഡസ്ട്രി എക്സ്പോഷർ ലഭ്യമാകുകയും, ആയത് ട്രെയിനികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും, നൈപുണ്യ വികസനം നേടി സ്വയംപര്യാപ്തമാകുന്നതിനും സഹായകകരമായിട്ടുണ്ട്. കൂടാതെ സ്കിൽ ഇന്ത്യാ മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും പ്രൈം മിനിസ്റ്റേഴ്സ് അപ്രന്റീസ് മേള സംഘടിപ്പിച്ചത് വഴി അപ്രന്റീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, കൂടുതൽ കമ്പനികൾ അപ്രന്റീസുകളെ നിയമിക്കുന്ന സാഹചര്യവും സംജാതമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്കിൽ ഇന്ത്യ മിഷന്റെ ഭാഗമായി സ്കിൽ ഹബ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയിലൂടെ വകുപ്പിന്റ കീഴിലെ തെരഞ്ഞെടുത്ത ഐ.ടി.ഐകളിൽ അനുവദിക്കപ്പെട്ട സ്കില്ലുകളിൽ PMKVY കോഴ്സുകൾ നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇതുവഴി നിലവിൽ ഐ.ടി.ഐകളിൽ പരിശീലനം നേടി വരുന്ന ടെയിനികളെ അപ് സ്കിൽ ചെയ്യാൻ സാധിച്ചിട്ടുണ്ട്.<br><br>തൊഴിൽ സ്ഥാപനങ്ങളെ അപ്രന്റീസ് പരിശീലന മേഖലയിലേയ്ക്ക് നിർബന്ധപൂർവ്വം ആകർഷിക്കുന്നതിനായി 2015 ജൂലൈ 15-ന് പ്രഖ്യാപിച്ച നാഷണൽ പോളിസി ഓഫ് സ്കിൽ ആന്റ് എന്റർപ്രണർഷിപ്പ് 2015-ന്റെ ഭാഗമായി നാഷണൽ അപ്രന്റീസ് പ്രൊമോഷൻ സ്കീം (NAPS) ആഗസ്റ്റ് 2016-ന് നിലവിൽ വന്നു. |

സെക്ഷൻ ഓഫീസർ